ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാൻറും വിജയകരമായി പൂർത്തിയാക്കി.

**India and New Zealand have successfully concluded the historic, ambitious and mutually beneficial Free Trade Agreement (FTA).**

2. അരാവല്ലി മലനിരകളുടെ പരിസ്ഥിതിക്ക് അടിയന്തിര ഭീഷണി നേരിടുന്നതായുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ.

**The Ministry of Environment, Forest and Climate Change has assured that there is no imminent threat to the Aravallis' ecology amidst misleading and alarmist claims being circulated.**

3. സാങ്കേതിക തകരാറിനെ തുടർന്ന് ഡൽഹി- മുംബൈ എയർ ഇന്ത്യ വിമാനം തിരിച്ചിറക്കിയ സംഭവത്തിൽഎയർ ഇന്ത്യയിൽ നിന്ന് റിപ്പോർട്ട് തേടി വ്യോമയാന മന്ത്രാലയം.

The Ministry of Civil Aviation has sought a detailed report from Air India in an incident related to an Air India flight, that developed a technical issue shortly after take-off.

4. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ.

As part of the Special intensive revision of the electoral roll in Kerala, the draft voter list will be published tomorrow. The Chief Electoral Officer has urged voters to check whether their names are included in the list.

5. രാജ്യത്തെ വടക്കുകിഴക്കൻ മേഖലകളിലെ മൂടൽമഞ്ഞ് അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നു.

The India Meteorological Department has said that foggy conditions are likely in the northeastern regions of the country. Delhi's air quality continues to remain in the 'very poor' category.

6. ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്ത്.

The second match of the India–Sri Lanka Women's T20 cricket series will be held tomorrow in Visakhapatnam.

## INDIA-NEW ZEALAND

സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാൻറും വിജയകരമായി പൂർത്തിയാക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലാൻറ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ഇന്ന് നടത്തിയ ടെലഫോൺ സംഭാഷണത്തിന് ശേഷമായിരുന്നു ഈ പ്രഖ്യാപനം. ഈ വർഷം മാർച്ചിൽ ന്യൂസിലാൻറ് പ്രധാനമന്ത്രി മുൻകൈ എടുത്താണ് ഇരു രാജ്യങ്ങളും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചത്. ഇന്ത്യ - ന്യൂസിലൻറ് ഉഭയകക്ഷി വ്യാപാരം അടുത്ത അഞ്ചു വർഷം ഇരട്ടിയാക്കുന്നതിനും ന്യൂസിലൻറിൽ നിന്നുള്ള നിക്ഷേപം അടുത്ത 15 വർഷത്തിൽ 20 ബില്ല്യൺ ഡോളറിൽ എത്തിക്കുന്നതിനും കരാർ പ്രയോജനപ്പെടും.

## PREZ- SHANTI BILL

രണ്ട് സുപ്രധാന ബില്ലുകൾക്ക് അംഗീകാരം നൽകി രാഷ്ട്രപതി ദ്രൗപതി മുർമു. ശീതകാല സമ്മേളനത്തിൽ പാർലമെൻറ് പാസാക്കിയ ശാന്തി ബിൽ, വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ തുടങ്ങിയവയിൽ രാഷ്ട്രപതി ഒപ്പുവെച്ചു.

ആണവോർജ ഉൽപ്പാദനം, ആരോഗ്യ സംരക്ഷണം, ഭക്ഷണം, വെള്ളം, കൃഷി, വ്യവസായം,തുടങ്ങിയവയിൽ ആണവ ശാസ്ത്രത്തിന്റെ പ്രയോഗം, സാങ്കേതികവിദ്യ

നവീകരണം വ്യവസ്ഥ ചെയ്യുന്നതാണ് ശാന്തി ബിൽ 2025. ഗ്രാമീണ കുടുംബങ്ങൾക്ക് 125 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതാണ്
വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ അഥവ വി ബി ജി റാം ജി ബിൽ.

❁❁❁❁❁❁❁❁❁❁❁❁❁

**ARAVALLI PROTECTION CLARIFICATION(INTRO)**

അരാവല്ലി മലനിരകളുടെ പരിസ്ഥിതിക്ക് അടിയന്തിര ഭീഷണി നേരിടുന്നതായുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ . വനവൽക്കരണം, പരിസ്ഥിതി ലോല മേഖല മുന്നറിയിപ്പുകൾ, ഖനനത്തിന്റെയും നഗര പ്രവർത്തനങ്ങളുടെയും കർശന നിരീക്ഷണം എന്നിവ അരാവല്ലി മലനിരകളിൽ തുടരുമെന്നും വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ഈ മേഖല മുഴുവനായും സംരക്ഷിക്കുന്നുണ്ടെന്നും കേന്ദ്ര മന്ത്രി ഭുപേന്ദർ യാദവ് വ്യക്തമാക്കി.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**CIVIL AVIATION-AI**

സാങ്കേതിക തകരാറിനെ തുടർന്ന് ഡൽഹി- മുംബൈ എയർ ഇന്ത്യ വിമാനം ഡൽഹി വിമാനത്താവളത്തിൽ തിരിച്ചിറക്കിയ സംഭവത്തിൽ വ്യോമയാന മന്ത്രാലയം എയർ ഇന്ത്യയിൽ നിന്ന് വിശദമായ റിപ്പോർട്ട് തേടി. സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ DGCA

യ്ക്ക് മന്ത്രാലയം നിർദ്ദേശം നൽകി. ടേക്ക് ഓഫിന് തൊട്ടുപിന്നാലെ വിമാനത്തിന്റെ എഞ്ചിൻ തകരാറിലാവുകയായിരുന്നു. യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണ്.

## RAILWAYS-FARE RATIONALIZATION

രാജ്യത്ത് റെയിൽ യാത്രാക്കൂലി പരിഷ്കരിച്ച് റെയിൽവേ മന്ത്രാലയം. 215 കിലോമീറ്ററിൽ കൂടുതലുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസ വർദ്ധിപ്പിച്ചു. മെയിൽ-എക്സ്പ്രസ് ട്രെയിനുകളിൽ എസി, എസി-ഇതര ക്ലാസുകൾക്ക് കിലോമീറ്ററിന് 2 പൈസ വീതം വർദ്ധിക്കും. ഓർഡിനറി ക്ലാസിൽ 215 കിലോമീറ്റർ വരെയുള്ള യാത്രാനിരക്കിൽ മാറ്റമില്ല. നിരക്കുവർധന ഈ മാസം 26ന് പ്രാബല്യത്തിൽ വരും.

## MUNICIPAL COUNCIL -NAGAR PANCHAYAT ELECTIONS

മുനിസിപ്പൽ കൗൺസിൽ, നഗർ പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ ബിജെപിയുടെയും മഹായുതിയുടെയും വിജയത്തിൽ മഹാരാഷ്ട്രയിലെ ജനങ്ങൾക്ക് നന്ദി പറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനകേന്ദ്രീകൃത വികസനത്തിലുള്ള വിശ്വാസമാണ് ഈ വിജയം പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. മഹായുതി സഖ്യം 207 സ്ഥലങ്ങളിലാണ് വിജയിച്ചത്. അതെസമയം, അരുണാചൽ

പ്രദേശിലെ പഞ്ചായത്ത് തിരഞ്ഞെടുപ്പ വിജയത്തിലും പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് നന്ദി പറഞ്ഞു.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

## NCW – SHAKTI SCHOLARS

രാജ്യത്തെ സ്ത്രീകളെ ബാധിക്കുന്ന വിഷയങ്ങളിൽ നയാധിഷ്ഠിത ഗവേഷണം നടത്താൻ ശക്തി സ്കോളേഴ്സ് എന്ന പേരിൽ യംഗ് റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം ആരംഭിച്ച് ദേശീയ വനിതാ കമ്മീഷൻ. സ്ത്രീകളുടെ സുരക്ഷയും അന്തസ്സും, നിയമപരമായ അവകാശങ്ങളും സൈബർ സുരക്ഷ, ആരോഗ്യം, പോഷകാഹാരം, സാമ്പത്തിക ശാക്തീകരണം, തൊഴിൽ പങ്കാളിത്തം തുടങ്ങിയ പ്രധാന മേഖലകളിൽ ബഹുമുഖ ഗവേഷണം പ്രോത്സാഹിപ്പിക്കുകയാണ് ഫെലോഷിപ്പിൻറെ ലക്ഷ്യം. അപേക്ഷകൾ ഈ മാസം 31 വരെ സമർപ്പിക്കാം.

## NATIONAL MATHEMATICS DAY

രാജ്യം ഇന്ന് ഗണിതശാസ്ത്ര ദിനം ആചരിക്കുന്നു. പ്രശസ്ത ഗണിതശാസ്ത്രജ്ഞനും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട വ്യക്തിത്വവുമായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമാണ് ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നത്. 'ഗണിതം, കല, സർഗ്ഗാത്മകത' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഗണിതശാസ്ത്രത്തിന് രാമാനുജൻ നൽകിയ അസാധാരണ സംഭാവനകളെ അംഗീകരിച്ച് കൊണ്ട് 2011 -മുതലാണ് ദിനാചരണം ആരംഭിച്ചത്.

## CEO

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. കരട് വോട്ടർപട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. എസ്ഐആർ നടപടികളുടെ പൂർത്തീകരണത്തിനായി രാഷ്ട്രീയ കക്ഷികളുടെയും പൊതുജനങ്ങളുടെയും സഹകരണം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിംഗ് അഭ്യർത്ഥിച്ചു.

## SUPPLYCO

സംസ്ഥാനത്ത് സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിച്ചു. ഈ മാസം 31 വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്. ഇതിനു പുറമെ എല്ലാ താലൂക്കുകളിലും സപ്ലൈക്കോയുടെ ഒരു പ്രധാന വിൽപനശാല ക്രിസ്മസ് ഫെയറാക്കി മാറ്റും. പ്രത്യേക ഓഫറുകളും 5 മുതൽ 50 ശതമാനം വരെ വിലക്കുറവും ഇവിടെ ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**CRIME BRANCH**

പാലക്കാട് വാളയാറിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് കൊല്ലപ്പെട്ട റാം നാരായൺ ബകേലിന്റെ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതികൾക്കതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കേസിൻറെ അന്വേഷണ ചുമതല ക്രൈംബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ട്. വാളയാർ പോലീസിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘവും രൂപീകരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**KANNUR- VB-G (INTRO)**

വികസിത് ഭാരത് ഗാരൻറി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ നിയമത്തിലൂടെ വാർഷിക തൊഴിൽ

ദിനങ്ങൾ വർധിപ്പിച്ചത് സാധാരണക്കാർക്ക് ഏറെ ആശ്വാസമാകുമെന്ന് കണ്ണൂർ സ്വദേശിനി ഗൗരി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

## SABARIMALA

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച്, ശബരിമലയിലേക്കുള്ള തങ്ക അങ്കി ഘോഷയാത്ര ആറൻമ്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് നാളെ പുറപ്പെടും. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ.

## IMD- WEATHER

രാജ്യത്തെ വടക്ക്, വടക്കുകിഴക്കൻ മേഖലകളിലെ ഒറ്റപ്പെട്ടയിടങ്ങളിൽ മൂടൽമഞ്ഞ് അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉത്തർപ്രദേശ്, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, പഞ്ചാബ്, കർണാടക, തെലങ്കാന, ബിഹാർ എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതേസമയം, ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്.

## TRAIN FLIGHT FOG AFFECT

ഡൽഹിയിൽ കനത്ത മൂടൽമഞ്ഞ് കാരണം നിരവധി വിമാന സർവീസുകളും ട്രെയിനുകളും തടസ്സപ്പെട്ടു. ഇന്ദിരാഗാന്ധി അന്താരാഷ്ട്ര

വിമാനത്താവളത്തിൽ ഏകദേശം 10 സർവീസുകൾ റദ്ദാക്കിയതായി അധികൃതർ അറിയിച്ചു. ട്രെയിൻ ഗതാഗതവും തടസ്സപ്പെട്ടു.

## CRICKET WOMEN

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്ത് നടക്കും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരം തിരുവനന്തപുരത്താണ് നടക്കുന്നത്.

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 496 പോയിന്റ് വർധിച്ച് 85,426 ലും, നിഫ്റ്റി 172 പോയിന്റ് നേട്ടത്തിൽ 26,139 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 800 രൂപ വർധിച്ച് 99,200 രൂപയും ഗ്രാമിന് 12,400 രൂപയുമാണ് ഇന്നത്തെ വില.

## BANGLADESH– HASINA STATEMENT

അടുത്ത വർഷം ഫെബ്രുവരിയിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അവാമി ലീഗിനെ വിലക്കിയതിനെ അപലപിച്ച് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന. അവാമി ലീഗിനെ

ഒഴുവാക്കിയുള്ള തെരഞ്ഞെടുപ്പ് കിരീട ധാരണമായിരിക്കുമെന്നും ഷെയ്ഖ് ഹസീന പ്രതികരിച്ചു.